3

ജൈവം

കൃഷി പംക്തി

# ജൈവ പച്ചക്കറി കൃഷിത്തട്ട്

ആരോഗ്യകരമായ ഭക്ഷണം ഉത്പാദിപ്പിക്കാൻ ഏതൊരു കുടുംബത്തിനും അൽപം ശ്രമിച്ചാൽ സാധിക്കുന്നതാണ്. ജൈവരീതിയിൽ മണ്ണൊരുക്കി വിത്തു നട്ട് നമുക്ക് ആരോഗ്യം വളർത്താം, വീട്ടിലാവശ്യമായ പച്ചക്കറികളും.

## നിർമ്മാണ രീതി



**ഘട്ടം - 1**

തെരഞ്ഞെടുത്ത സ്ഥലത്ത് 5 അടി വീതിയിലും (150 സെ.മി), 10 അടി നീളത്തിലും (300 സെ.മി) മാർക്ക് ചെയ്യുക. ഇതിൽനിന്ന് നീളം കൂടുകയോ കുറയ്ക്കുകയോ ചെയ്യാം എന്നാൽ വീതി 5 അടിയിൽനിന്നും കൂടാൻ പാടില്ല. കാരണം പച്ചക്കറിത്തോട്ടത്തിന്റെ വശങ്ങളിൽനിന്നും കള പറിക്കാനും വളം ഇടാനും ഇത് സഹായകമാകുന്നു. ജൈവവൈവിധ്യ പച്ചക്കറി കൃഷിത്തട്ടിന്റെ മുകളിൽ ചവിട്ടാൻ പാടുള്ളതല്ല.)

**ഘട്ടം - 2**

ഇതിനും മുകളിൽ $^1/_2$ അടി (15 സെ.മി) ഉയരത്തിൽ പച്ചിലകൾ അടുക്കുക. ഇതിൽ ചെറിയ കമ്പുകൾ വേണ മെങ്കിലും ഇടാം. ഇതിന്റെ മുകളിൽ ഇലകൾ നന്നായി നനയുന്ന രീതിയിൽ വെള്ളം ഒഴിക്കുക. പച്ചച്ചാണകം വെള്ളത്തിൽ കലക്കി ഇലകൾക്ക് മുകളിൽ തളിക്കുക. (ഇങ്ങനെ ചെയ്യുന്നത് ഇലകൾ എളുപ്പത്തിൽ അഴുകി വളമായി മണ്ണിൽ ചേരുന്നതിന് വേണ്ടിയാണ്.)

**ഘട്ടം 3**

ഇതിനു മുകളിൽ $^1/_2$ അടി (15 സെ.മി) ഉയരത്തിൽ മേൽമണ്ണ് ഇടുക. (വളക്കൂറുള്ള മണ്ണായാലും മതി.) പുറത്തായി വെള്ളം തളിക്കുക. (ഇതിനു പുറത്ത് ജൈവ വളങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ചേർത്ത് കൊടുക്കാം. കമ്പോസ്റ്റ്, ഉണങ്ങിയ ചാണകം, ചാരം തുടങ്ങിയവ)

**ഘട്ടം - 4**

ഇതിനു മുകളിൽ $^1/_2$ അടി (15 സെ.മി) ഉയരത്തിൽ ഉണങ്ങിയതോ അഴുകിയതോ ആയ ഇലകൾ ഇടുക (ഇതിൽ തേക്ക്, ഓല എന്നിവ ഒഴിവാക്കിയാൽ നല്ലത്.




കാരണം ഇത്തരം ഇലകൾ മണ്ണിൽ അഴുകി ചേരുന്നതിന് മറ്റ് ഇലകളെ അപേക്ഷിച്ച് സമയം കൂടുതൽ എടുക്കുന്നു.) ഇതിനു പുറത്ത് വെള്ളം ഒഴിക്കുക. ഇതിനു മുകളിൽ വീണ്ടും ചാണകം കലക്കി ഒഴിക്കാം.

**ഘട്ടം - 5**

$^1/_2$ അടി (15 സെ.മി) ഉയരത്തിൽ മേൽമണ്ണ് ഇടുക. ഇതിൽ വെള്ളം തളിക്കുക.

**ഘട്ടം - 6**

ഇതിനു മുകളിൽ $^1/_2$ അടി (15 സെ.മി) ഉയരത്തിൽ മരത്തിന്റെ ചുവട്ടിൽ നിന്നുള്ള മണ്ണ് ഇടുക. (ഇത്തരത്തിലുള്ള മണ്ണിൽ മരത്തിന്റെ ഇലകൾ വീണ് അഴുകി ച്ചേർന്ന മണ്ണായതിനാൽ ഇതിൽ വളങ്ങളുടെ അളവ് കൂടും. വിത്ത് വളരുന്നതിന് ആവശ്യമായ പോഷകം ഇതിൽ നിന്നും ല ിക്കുന്നു.)

തറനിരപ്പിൽ നിന്നും $2^1/_2$ അടി (75 സെ.മി) ഉയരത്തിലാണ് തോട്ടം നിർമ്മിക്കുന്നത്. (കാരണംപച്ചക്കറികളുടെ വേര് $2^1/_2$ അടിയിൽ കൂടുതൽ ആഴത്തിലേയ്ക്ക് സാധാരണ പോകാറില്ല. അപ്പോൾ ചെടിക്കാവശ്യമായ വളങ്ങൾ ചെടിക്ക് ഇതിൽനിന്നും ല ിക്കുന്നു.)തറനിരപ്പിൽനിന്നും ഉയരത്തിലായതിനാൽ വശങ്ങളിൽ നിന്നും മണ്ണിടിഞ്ഞ് വീഴാതിരിക്കാൻ വശങ്ങളിൽ സംരക്ഷണഭിത്തി ഉണ്ടാക്കണം ഇതിനായി പഴയ ഷീറ്റ്, ഓല, ഓട് തുടങ്ങിയവ ഉപയോഗിക്കാം.

**(തുടരും)**


**വിശദ വിവരങ്ങൾക്ക്**
**തണൽ, എച്ച്-3, ജവഹർ നഗർ,**
**കവടിയാർ പി.ഒ,**
**തിരുവനന്തപുരം-695003.**
**ഫോൺ- 0471-2727150**